**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1160** **27-07-2021 - ൽ മറുപടിയ്ക്ക്**

**ഓൺലൈൻ വിദ്യാഭ്യാസ പരിപാടിയുടെ വിലയിരുത്തൽ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി | | Dr. R. Bindu<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | കോളേജ് വിദ്യാർത്ഥികൾക്കായുള്ള ഓൺലൈൻ വിദ്യാഭ്യാസ പരിപാടി ഫലപ്രദവും കാര്യക്ഷമവുമായ രീതിയിലാണോയെന്ന് വിദ്യാർത്ഥികളുടെയും രക്ഷകർത്താക്കളുടെയും ഭാഗത്തുനിന്ന് വിലയിരുത്തുന്നതിനുള്ള ഏതെങ്കിലും പഠനങ്ങൾ സർക്കാർ തലത്തിലോ സർവ്വകലാശാല തലത്തിലോ നടത്തിയിട്ടുണ്ടോ; | (എ) | റൂസയുടെ ആഭിമുഖ്യത്തിൽ പഠനം നടത്തിയിട്ടുണ്ട്. ഓൺലൈൻ പഠനത്തിന്റെ കാര്യക്ഷമത വിലയിരുത്തുന്നതിനും പ്രശ്നങ്ങൾ പഠിക്കുന്നതിനും ഉന്നത വിദ്യാഭ്യാസ കൗൺസിലിന്റേയും റൂസയുടേയും നേതൃത്വത്തിൽ വിദ്യാർത്ഥികൾ, അധ്യാപകർ, സ്ഥാപനമേധാവികൾ എന്നിവരിൽ നിന്നും വിവരശേഖരണം നടത്തിയിട്ടുണ്ട്. ഉന്നത വിദ്യാഭ്യാസ വകുപ്പിന്റെ നേതൃത്വത്തിൽ പ്രത്യേക യോഗം ചേർന്ന് പഠനങ്ങളുടെ ഫലം വിലയിരുത്തുകയും "Let's Go Digital" എന്ന പദ്ധതി ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. ആദ്യഘട്ടമായി എല്ലാ കോളേജുകളിലും "എൽ.എം.എസ്" (Learning Management System) സ്ഥാപിച്ച് അധ്യായനം ഓൺലൈൻ മാധ്യമം കൂടി ഉപയോഗപ്പെടുത്തി നടത്തുന്നതിന് വേണ്ട നടപടികൾ കൈക്കൊള്ളുകയും ചെയ്തിട്ടുണ്ട്. ഈ പദ്ധതിയുടെ ഭാഗമായി ആയിരത്തിലധികം അദ്ധ്യാപകർക്ക് ഇതിനകം പരിശീലനം നൽകിക്കഴി ഞ്ഞിട്ടുണ്ട്. ഉന്നത വിദ്യാഭ്യാസ കൗൺസിൽ കോവിഡ് സാഹചര്യ ത്തിൽ ഉന്നത വിദ്യാഭ്യാസ രംഗത്ത് നടപ്പിലാക്കേണ്ട നടപടികൾ വിശദീകരി ക്കുന്ന ഒരു "നയോപദേശരേഖ" തയ്യാറാക്കി സമർപ്പിച്ചതിന്റെ അടിസ്ഥാ നത്തിൽ നടപടികൾ സ്വീകരിച്ചുവരുന്നു. പദ്ധതി നടത്തിപ്പിനായി ഉന്നത വിദ്യാഭ്യാസ വകുപ്പിൽ കീഴിലുള്ള സാങ്കേതിക സ്ഥാപനങ്ങളുടേയും സർവ്വകലാശാലകളുടേയും പ്രതി നിധികളെ ഉൾപ്പെടുത്തി ഒരു കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. "മൂഡിൽ" ഉപയോഗിച്ച് ഉന്നത വിദ്യാഭ്യാസ കൗൺസിൽ തയ്യാറാക്കുന്ന ഒരു കേന്ദ്രീകൃത സംവിധാനം കോളേജ് തലത്തിൽ നടപ്പിലാക്കുന്നതാണ്. |
| (ബി) | ഇല്ലെങ്കിൽ അതിനുള്ള നടപടികൾ സ്വീകരിക്കാമോ? | (ബി) | റൂസയുടെ ആഭിമുഖ്യത്തിൽ പഠനം നടത്തിയിട്ടുണ്ട്. ഓൺലൈൻ പഠനത്തിന്റെ കാര്യക്ഷമത വിലയിരുത്തുന്നതിനും പ്രശ്നങ്ങൾ പഠിക്കുന്നതിനും |

| | | | |
|---|---|---|---|
| | | | ഉന്നത വിദ്യാഭ്യാസ കൗൺസിലിന്റേയും റൂസയുടേയും നേതൃത്വത്തിൽ വിദ്യാർത്ഥികൾ, അധ്യാപകർ, സ്ഥാപനമേധാവികൾ എന്നിവരിൽ നിന്നും വിവരശേഖരണം നടത്തിയിട്ടുണ്ട്. ഉന്നത വിദ്യാഭ്യാസ വകുപ്പിന്റെ നേതൃത്വത്തിൽ പ്രത്യേക യോഗം ചേർന്ന് പഠനങ്ങളുടെ ഫലം വിലയിരുത്തുകയും "Let's Go Digital" എന്ന പദ്ധതി ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. ആദ്യഘട്ടമായി എല്ലാ കോളേജുകളിലും "എൽ.എം.എസ്" (Learning Management System) സ്ഥാപിച്ച് അധ്യായനം ഓൺലൈൻ മാധ്യമം കൂടി ഉപയോഗപ്പെടുത്തി നടത്തുന്നതിന് വേണ്ട നടപടികൾ കൈക്കൊള്ളുകയും ചെയ്തിട്ടുണ്ട്. ഈ പദ്ധതിയുടെ ഭാഗമായി ആയിരത്തിലധികം അദ്ധ്യാപകർക്ക് ഇതിനകം പരിശീലനം നൽകിക്കഴി ഞ്ഞിട്ടുണ്ട്. ഉന്നത വിദ്യാഭ്യാസ കൗൺസിൽ കോവിഡ് സാഹചര്യ ത്തിൽ ഉന്നത വിദ്യാഭ്യാസ രംഗത്ത് നടപ്പിലാക്കേണ്ട നടപടികൾ വിശദീകരി ക്കുന്ന ഒരു "നയോപദേശരേഖ" തയ്യാറാക്കി സമർപ്പിച്ചതിന്റെ അടിസ്ഥാ നത്തിൽ നടപടികൾ സ്വീകരിച്ചുവരുന്നു. പദ്ധതി നടത്തിപ്പിനായി ഉന്നത വിദ്യാഭ്യാസ വകുപ്പിൽ കീഴിലുള്ള സാങ്കേതിക സ്ഥാപനങ്ങളുടേയും സർവ്വകലാശാലകളുടേയും പ്രതി നിധികളെ ഉൾപ്പെടുത്തി ഒരു കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. "മൂഡിൽ" ഉപയോഗിച്ച് ഉന്നത വിദ്യാഭ്യാസ കൗൺസിൽ തയ്യാറാക്കുന്ന ഒരു കേന്ദ്രീകൃത സംവിധാനം കോളേജ് തലത്തിൽ നടപ്പിലാക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ